തലസ്ഥാന നഗരിയിലെ ഗതാഗത സംവിധാനം പരിഷ്കരിക്കാൻ നടപടി

71 (4231) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം അപര്യാപ്തമാണെന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം കാണുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തലസ്ഥാന നഗരിയിലെ ഗതാഗത സംവിധാനം പരിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തലസ്ഥാന നഗരിയിൽ ഇപ്പോൾ കാര്യക്ഷമമായ ഒരു പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനമാണ് നിലവിലുള്ളത്. എങ്കിലും ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതും നവീകരിക്കേണ്ടതുമാണെന്ന് കരുതുന്നു.

(ബി) നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ പുതിയ ബസ്സുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം

72 (4232) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശരാശരി പ്രതിദിന വരുമാനം എത്രയാണ് ; ഇത് കേരളത്തിലെ മറ്റു കെ.എസ്.ആർ.ടി.സി. ഡിപ്പോകളെ അപേക്ഷിച്ചു കൂടുതലോ കുറവോ ആണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലം ചെളി പ്രദേശവും കെട്ടിടങ്ങൾ ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ അവസ്ഥയിലും ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) യാത്രക്കാർക്ക് ബസ് കാത്തു നിൽക്കാർ സൗകര്യമോ ജീവനക്കാർക്ക് താമസിക്കാനോ പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാനോ ഇവിടെ സൗകര്യമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഡിപ്പോ വികസനത്തിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) ശരാശരി പ്രതിദിന വരുമാനം 3,47,173 രൂപയും പ്രതിദിന കി. മീറ്റർ വരുമാനം 13,96 രൂപയും ആകുന്നു. ഈ വരുമാനം മറ്റു ഡിപ്പോകളെ അപേക്ഷിച്ച് കുറവാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly